**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1918** **11-10-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ട്രാക്ക് ആന്റ് ഫീൽഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കളിസ്ഥലം വിപുലീകരിച്ച് ഒരു സ്റ്റാൻഡേർഡ് ട്രാക്ക് ആന്റ് ഫീൽഡ് നിമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജ് കളിസ്ഥലം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, സ്പോർട്സ് കേരള ഫൗണ്ടേഷൻ സൈറ്റ് സന്ദർശനം നടത്തി റിപ്പോർട്ട് ചെയ്ത പ്രകാരം കളിസ്ഥലം നവീകരിക്കുന്നതിനായി ചുറ്റുമുള്ള മരങ്ങൾ മുറിച്ച് മാറ്റേണ്ടതും, ഗ്രൗണ്ടിന്റെ സൈഡിലുള്ള ബസ് പാർക്കിംഗ് ഏരിയ പൊളിച്ചു മാറ്റി സ്ഥാപിക്കേണ്ടതുമാണ്. ഗ്രൗണ്ടിൽ ഏകദേശം 1 മീറ്റർ മണ്ണ് കട്ട് ചെയ്ത് സൈഡിൽ സ്ലോപ്പോട്ടുകൂടി ഫിൽ ചെയ്താൽ 132 മീ X 60 മീ പ്ലേയിങ് ഏരിയ ലഭ്യമാകുക. 200 മീ. സിന്തറ്റിക് ട്രാക്ക്, സെവൻസ് നാച്വറൽ ഫുട്ബോൾ ടർഫ്, സമ്പ് & പമ്പ് റൂം, ഇലക്ട്രിഫിക്കേഷൻ, ഓഫീസ് ബ്ലോക്ക്, ഗ്യാലറി എന്നീ പ്രവർത്തികൾ ഇവിടെ നടപ്പിലാക്കാം എന്നും പ്രസ്തുത പ്രവർത്തികളുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റായി 4,17,50,000/- രൂപ ആവശ്യമായി വരും എന്നും അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കുള്ള പണം ബജറ്റ് നിർദ്ദേശത്തിലോ മറ്റ് ഏജൻസികൾ മുഖേനയോ ലഭ്യമാണോ എന്ന് പരിശോധിക്കുന്നതിന് വീണ്ടും ആവശ്യപ്പെട്ടതു പ്രകാരം, നിലവിൽ ടി സ്ഥാപനത്തിൽ ഫണ്ടുകൾ ഒന്നും ലഭ്യമായിട്ടില്ല എന്നും ചില അത്യാവശ്യ അക്കാദമിക് പദ്ധതികൾക്കായി ഒരു ചെറിയ തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും, ഏകദേശ സമ്മതവും മാത്രമേ എം.എൽ.എ ഫണ്ടിൽ നിന്നും നടപ്പു സാമ്പത്തിക വർഷത്തിൽ തത്ത്വത്തിൽ ഉറപ്പായിട്ടുള്ളു എന്നും പൊതുവേ ഉൾ പ്രദേശമായ പൂഞ്ഞാറിൽ സർക്കാർ മേഖലയലിൽ 25 ഏക്കർ ക്യാമ്പസും, വിശാലമായ കളിസ്ഥലവും |

| | | | |
|---|---|---|---|
| | | | കോളേജിനുണ്ട് എന്നതിനാൽ സാധ്യമായ ഫണ്ടുകൾ ലഭ്യമാക്കി, അതിനെ വികസിപ്പിക്കുന്നത്, ഒരു പൊതു സ്ഥാപനമെന്ന നിലയിൽ, ഈ പ്രദേശത്തെ കായിക വികസനത്തിന് വലിയ സഹായകമാവുന്ന ഒരു സമീപനമായിരിക്കും എന്നും പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾ അറിയിച്ചിട്ടുള്ളതായി കായിക യുവജന കാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ടി പദ്ധതി ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കായികയുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജ് കളിസ്ഥലം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ, സ്പോർട്സ് കേരള ഫൗണ്ടേഷൻ സൈറ്റ് സന്ദർശനം നടത്തി റിപ്പോർട്ട് ചെയ്ത പ്രകാരം കളിസ്ഥലം നവീകരിക്കുന്നതിനായി ചുറ്റുമുള്ള മരങ്ങൾ മുറിച്ച് മാറ്റേണ്ടതും, ഗ്രൗണ്ടിന്റെ സൈഡിലുള്ള ബസ് പാർക്കിംഗ് ഏരിയ പൊളിച്ചു മാറ്റി സ്ഥാപിക്കേണ്ടതുമാണ്. ഗ്രൗണ്ടിൽ ഏകദേശം 1 മീറ്റർ മണ്ണ് കട്ട് ചെയ്ത് സൈഡിൽ സ്ലോപ്പോടുകൂടി ഫിൽ ചെയ്താൽ 132 മീ X 60 മീ പ്ലേയിങ് ഏരിയ ലഭ്യമാകുക. 200 മീ. സിന്തറ്റിക് ട്രാക്ക്, സെവൻസ് നാച്വറൽ ഫുട്ബോൾ ടർഫ്, സമ്പ് & പമ്പ് റൂം, ഇലക്ട്രിഫിക്കേഷൻ, ഓഫീസ് ബ്ലോക്ക്, ഗ്യാലറി എന്നീ പ്രവർത്തികൾ ഇവിടെ നടപ്പിലാക്കാം എന്നും പ്രസ്തുത പ്രവർത്തികളുടെ റഫ് കോസ്റ്റ് എറ്റിമേറ്റായി 4,17,50,000/- രൂപ ആവശ്യമായി വരും എന്നും അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കുള്ള പണം ബജറ്റ് നിർദ്ദേശത്തിലോ മറ്റു ഏജൻസികൾ മുഖേനയോ ലഭ്യമാണോ എന്ന് പരിശോധിക്കുന്നതിന് വീണ്ടും ആവശ്യപ്പെട്ടതു പ്രകാരം, നിലവിൽ ടി സ്ഥാപനത്തിൽ ഫണ്ടുകൾ ഒന്നും ലഭ്യമായിട്ടില്ല എന്നും ചില അത്യാവശ്യ അക്കാദമിക് പദ്ധതികൾക്കായി ഒരു ചെറിയ തുക വകയിരുത്തുന്നതിനുള്ള നിർദ്ദേശങ്ങളും, ഏകദേശ സമ്മതവും മാത്രമേ എം.എൽ.എ ഫണ്ടിൽ നിന്നും നടപ്പു സാമ്പത്തിക വർഷത്തിൽ തത്ത്വത്തിൽ ഉറപ്പായിട്ടുള്ളൂ എന്നും പൊതുവേ ഉൾ പ്രദേശമായ പൂഞ്ഞാറിൽ സർക്കാർ മേഖലയലിൽ 25 ഏക്കർ ക്യാമ്പസും, വിശാലമായ കളിസ്ഥലവും കോളേജിനുണ്ട് എന്നതിനാൽ സാധ്യമായ ഫണ്ടുകൾ ലഭ്യമാക്കി, അതിനെ വികസിപ്പിക്കുന്നത്, ഒരു പൊതു |

| | | | |
|---|---|---|---|
| | | | സ്ഥാപനമെന്ന നിലയിൽ, ഈ പ്രദേശത്തെ കായിക വികസനത്തിന് വലിയ സഹായകമാവുന്ന ഒരു സമീപനമായിരിയ്ക്കും എന്നും പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾ അറിയിച്ചിട്ടുള്ളതായി കായിക യുവജന കാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ടി പദ്ധതി ഖേലോ ഇന്ത്യ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കായികയുവജനകാര്യ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ